(ബി) ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് തയ്യാറാക്കുവാൻ ഇൻകെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇൻകെൽ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മെഡിസിറ്റി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ഇൻകെൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**വയനാട് ജില്ലയിലെ ആരോഗ്യ മേഖലയുടെ പുരോഗതി**

**16 (463)** ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിലെ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇവിടെ നടന്ന വികസന പ്രവർത്തികൾക്ക് ചെലവഴിച്ചതുകയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിലെ ആരോഗ്യമേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഭാഗമായി ഏതെല്ലാം പുതിയ തസ്തികകളാണ് അനുവദിക്കപ്പെട്ടതെന്നും എത്രപേർക്ക് ഇതുവഴി നിയമനം നൽകാനായെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വയനാട് ജില്ലയിൽ ഒഴിഞ്ഞുകിടന്നിരുന്ന ഏതെല്ലാം തസ്തികകളിലാണ് പിന്നീട് നിയമനങ്ങൾ നടന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ) യിൽ ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.*

(സി)

| | തസ്തിക | എണ്ണം |
|---|---|---|
| 1. | സ്പെഷ്യലിസ്റ്റ് ഡോക്ടർ | 5 |
| 2. | അസിസ്റ്റന്റ് സർജൻ | 2 |
| 3. | സ്റ്റാഫ് നഴ്സ് | 8 |
| 4. | നേഴ്സിംഗ് അസിസ്റ്റന്റ് | 6 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 5. | എച്ച്.എ ഗ്രേഡ്-2 | 6 |
| 6. | ലാബ് ടെക്നീഷ്യൻ | 2 |
| 7. | എൽ. ഡി. ക്ലാർക്ക് | 2 |
| 8. | പ്യൂൺ | 2 |

(ഡി) സിവിൽ സർജൻ, അസിസ്റ്റന്റ് സർജൻ നഴ്സിംഗ് സൂപ്രണ്ട്, ഡെന്റൽ ഹൈജീനിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ്, എച്ച്.എ.ഗ്രേഡ്-2, മെഡിക്കൽ റക്കോർഡ് ലൈബ്രേറിയൻ, എൻ.എം.എസ്., ജെ.പി.എച്ച്.എൻ., എൽ.എച്ച്.ഐ., ലെപ്രസി ഇൻസ്പെക്ടർ, എൽ.ഡി. ക്ലാർക്ക്, യു.ഡി.ക്ലാർക്ക്, ഒഫ്താൽമിക് അസിസ്റ്റന്റ്.

## കണ്ണൂർ ജില്ലയിൽ ആരംഭിച്ച ആശുപത്രികൾ

17 (464) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിവിധ ചികിത്സാമേഖലകളിൽ എത്ര ആശുപത്രികളും ഡിസ്പെൻസറികളും അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ വകുപ്പുതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര ആശുപത്രികളും ഡിസ്പെൻസറികളും അനുവദിച്ചു ;

(ഡി) ഇവയിൽ എത്രയെണ്ണം ഇതിനകം പ്രവർത്തനം ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിവിധ ചികിത്സാ മേഖലകളിൽ അനുവദിച്ച ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും വകുപ്പ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | ആരോഗ്യ വകുപ്പ് | - | 9 |
| 2. | ഭാരതീയ ചികിത്സാ വകുപ്പ് | | |
| | 1. സിദ്ധ വകുപ്പ് | - | 17 |
| | 2. ആയുർവ്വേദ വകുപ്പ് | - | 194 |
| | 3. യുനാനി വകുപ്പ് | - | 19 |
| 3. | ഹോമിയോപ്പതി വകുപ്പ് (25 ഡിസ്പെൻസറികൾ സംസ്ഥാന പദ്ധതിയിലും 344 എണ്ണം NRHM മുഖേനയും) | - | 369 |
| | ആകെ | - | 608 |

LIBRARY ARCHIVES Kerala Legislative Assembly